# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1173 — 03.12.2015-ൽ മറുപടിയ്ക്ക്

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ.രാജേഷ് | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഏതെല്ലാം മതസംഘടനകളും സ്വകാര്യ ട്രസ്റ്റുകളും നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്കാണ് എയ്ഡഡ് പദവി നൽകിയിരിക്കുന്നത്; | (എ) | സംസ്ഥാനത്ത് അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് മേഖലയിൽ ഇതിനോടകം നിലവിലുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സ.ഉ.(പി) 69/14. പൊ.വി.വ. തീയതി.28.04.2014 പ്രകാരം ഉത്തരവായിരുന്നു. വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് 15.05.2015-ലെ സ.ഉ.(എം.എസ്)115/2015/ പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും സ.ഉ.(എം.എസ്)116/2015/ പൊ.വി.വ. തീയതി.15.05.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവി നൽകേണ്ട മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ |

| | | | |
|---|---|---|---|
| | | | അന്തിമ ലിസ്റ്റ് ആയിട്ടില്ലാത്തതിനാൽ ഇതുവരെ എയ്ഡഡ് പദവി ആർക്കും നൽകിയിട്ടില്ല. |
| (ബി) | ലോകായുക്ത ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എ.ഡി.ജി.പി. ഇക്കാര്യത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ മുഖ്യമന്ത്രിയ്ക്കുൾപ്പെടെ ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കേരളത്തിലെ ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിയോഗിച്ച ഡോ.എം.കെ.ജയരാജ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകണമെന്നതുൾപ്പെടെയുള്ള ശുപാർശകൾക്കെതിരെ ശ്രീ.അനിൽകുമാർ, കോഴിക്കോട്, ബഹു.ലോകായുക്ത മുൻപാകെ 314/15.ഡി നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിക്കുൾപ്പെടെ ലഭിച്ച പരാതികളിൻ മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരിശോധിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ